**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4451** **25.06.2019 -ൽ മറുപടിയ്ക്ക്**

**സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിലെ കുട്ടികൾക്ക് സൗജന്യ പുസ്തകവും യൂണിഫോമും**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എൻ. വിജയൻ പിള്ള** | പ്രൊഫ : സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ ഏത് ക്ലാസ്സ് വരെയുള്ള കുട്ടികൾക്കാണ് പുസ്തകവും യൂണിഫോമും സൗജന്യമായി നൽകുന്നത്; ഈ ആനുകൂല്യം പത്താം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് കൂടി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ? | എ) സർക്കാർ എയ്ഡഡ് സ്കൂളുകളിലെ ഒന്നാംക്ലാസ്സ് മുതൽ എട്ടാം ക്ലാസ്സ് വരെയുള്ള എല്ലാ കുട്ടികൾക്കും പാഠപുസ്തകങ്ങൾ സൗജന്യമായി നൽകുന്നു. സർക്കാർ എയ്ഡഡ് സ്കൂളുകളിലെ എട്ടാം ക്ലാസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് മുഖേന യൂണിഫോം വിതരണം ചെയ്യുന്നു. എയ്ഡഡ് മേഖലയിലെ 1 മുതൽ 8 വരെ ക്ലാസ്സുകളിലെ മുഴുവൻ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ആവശ്യമായ യൂണിഫോമിന്റെ ചെലവ് സംസ്ഥാന സർക്കാരാണ് പൂർണ്ണമായും വഹിക്കുന്നത്.പത്താം ക്ലാസ്സുവരെ ഈ പദ്ധതി നടപ്പിലാക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ